പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2487 — 23.01.2014-ൽ മറുപടിക്ക്

## സ്റ്റുഡൻസ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രമോട്ടർ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഐ.സി.ബാലകൃഷ്ണൻ :<br>ശ്രീ.വി.പി.സജീന്ദ്രൻ:<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.എ.റ്റി.ജോർജ്ജ് | | കുമാരി. പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| | ചോദ്യം | | ഉത്തരം |
| (എ) | സ്റ്റുഡൻസ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രമോട്ടർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി ആരോഗ്യ പരിപാലനം, പ്രഥമശുശ്രൂഷ, വ്യക്തിശുചിത്വം, സാമൂഹിക ശുചിത്വം, കുടിവെള്ള പരിപാലനം, ജീവിതശൈലി രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധം, പുകവലി, പാൻപരാഗ്, പാൻമസാല, മദ്യം, മയക്കുമരുന്ന് എന്നിയുടെ ഉപയോഗം കൊണ്ടുള്ള ദൂഷ്യങ്ങൾ എന്നിവകളിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് ആലപ്പുഴ റ്റി.ഡി മെഡിക്കൽ കോളേജിലെ അഡീഷണൽ പ്രൊഫസർ ഡോക്ടർ ബി.പത്മകുമാറിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കു പരിശീലനം നൽകിയിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കുകയും പരിശീലനം ലഭിച്ച വിദ്യാർത്ഥികൾ മറ്റുള്ള വിദ്യാർത്ഥികൾക്കും പട്ടികവർഗ്ഗ സങ്കേതങ്ങളിലും ആരോഗ്യ പരിപാലന ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്യുകയാണ് സ്റ്റുഡന്റ്സ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രമോട്ടർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (ബി) | പട്ടികവർഗ്ഗ കോളനികളിലും ആദിവാസി വിദ്യാർത്ഥികൾക്കിടയിലും ആരോഗ്യ, ശുചിത്വ ബോധവൽക്കരണം നടത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | ആലപ്പുഴ ഗവൺമെന്റ് റ്റി.ഡി മെഡിക്കൽ കോളേജിലെ ഡോക്ടർമാർ മുഖേന തെരഞ്ഞെടുക്കപ്പെട്ട മോഡൽ റസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമായി 2013 മേയ് 26 മുതൽ 31 വരെ പുന്നപ്ര മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂളിൽ വച്ച് ഈ വിഷയത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിലെ എല്ലാ മോഡൽ റസിഡൻഷ്യൽ |

| | | | |
|---|---|---|---|
| | | | സ്കൂളിലും പ്രസ്തുത പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ മുഖേന അതത് സ്കൂളിലെ ബയോളജി ടീച്ചർ കൺവീനറായി രൂപീകരിച്ച ഹെൽത്ത് ക്ലബ്ബുകൾ വഴി സ്ഥാപനത്തിലും മറ്റ് പട്ടികവർഗ്ഗ , സങ്കേതങ്ങളിലും ആരോഗ്യ പരിപാലന ബോധവൽക്കരണ ക്ലാസ്സുകളും ശുചിത്വ പരിപാടികളും നടത്തുക എന്നീ കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി യിരിക്കുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതി യുടെ നടത്തിപ്പിനായി സഹകരിക്കുന്ന തെന്ന് വിശദമാക്കുമോ; | (സി) | കുടുംബശ്രീ, ആരോഗ്യവകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കി യിരിക്കുന്നത്. |
| (ഡി) | പദ്ധതിയുടെ നടത്തിപ്പിനായി ആരെയൊ ക്കെയാണ് വിനിയോഗിക്കാനുദ്ദേശിക്കു ന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ഡി) | പദ്ധതിയുടെ നടത്തിപ്പിനായി അതാത് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിച്ചു പ്രവർത്തനം നടത്തുന്നു. പ്രസ്തുത ഹെൽത്ത് ക്ലബുകളിൽ സ്കൂൾ പ്രിൻസിപ്പൽ/ ഹെഡ്മാസ്റ്റർ ചെയർമാനും അടുത്തുള്ള പി.എച്ച്.സി-യിലെ മെഡിക്കൽ ഓഫീസർ ഉപദേശകനും ത്രിതല പഞ്ചായത്തിലെ അംഗങ്ങൾ, പി.റ്റി.എ പ്രതിനിധി, ഒരു സാമൂഹ്യ പ്രവർത്തകൻ, സ്കൂൾ ലീഡർ എന്നിവർ അംഗങ്ങളും ഒരു അദ്ധ്യാപകൻ കൺവീനറും ആയിരിക്കുന്ന താണ്. |
| (ഇ) | പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (ഇ) | പട്ടികവർഗ്ഗ വികസന വകുപ്പിലെ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളിലും ഹെൽത്ത് ക്ലബ്ബുകൾ ആരംഭിച്ചുകൊണ്ട് 2013-14 അദ്ധ്യയന വർഷാരംഭം മുതൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ രണ്ട് റീജിയണൽ ക്യാമ്പുകളിലായി കുട്ടികളെ പങ്കെടുപ്പിച്ച് കൂടുതൽ പരിശീലനം നൽകുന്ന പദ്ധതിയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

Haripriya

**സെക്ഷൻ ഓഫീസർ**